ലേഖനം

ജമീൽ അഹ്മദ്

# വിശപ്പിന്റെ അലങ്കാരങ്ങൾ

## (റമദാൻവ്രതത്തിന്റെ സൗന്ദര്യത്തെക്കുറിച്ച് ചില ചിന്തകൾ)

**സൗന്ദര്യത്തിന്റെ** അപൂർവഭാഷയിലാണ് റമദാൻവ്രതത്തെക്കുറിച്ചുള്ള വ്യവഹാരങ്ങളിൽ പലതും ഖുർആനിലും ഹദീസിലുമുള്ളത്. കറുത്തനൂലും വെളുത്തനൂലും തമ്മിൽ തിരിച്ചറിയാനുള്ള വ്യക്തിനിഷ്ഠമായ സ്വാതന്ത്ര്യത്തിന്റെ കൽപന ഇതിന് പ്രധാനപ്പെട്ട ഉദാഹരണമാണ്. സ്വർഗത്തിന്റെ വാതിലുകൾ തുറന്നിടുന്ന കാലം, നരകത്തിന്റെ വാതിലുകൾ അടയുന്ന കാലം, നബി തിരുമേനി അടിച്ചുവീശുന്ന കാറ്റിനേക്കാൾ ഉദാരനായിരുന്നു ആ ദിവസങ്ങളിൽ, നോമ്പുകാരന്റെ വദനങ്ങൾ കസ്തൂരിയുടെ നറുമണംതൂകുന്ന ആ സ്വർഗീയ ദിവസങ്ങളിൽ ഇബ്‌ലീസ് ചങ്ങലയിൽ ബന്ധിതനാണ്..... ഇങ്ങനെ ഇത്രയും സൗന്ദര്യാത്മകമായി മറ്റേതെങ്കിലും ഇബാദത്തിനെ ഖുർആനും സുന്നത്തും പരിചയപ്പെടുത്തിയിട്ടുണ്ടോ? അൽപംകൂടി ആഴത്തിൽ ഈ ഉപവാസത്തിന്റെ സൗന്ദര്യങ്ങളിലേക്ക് ചെന്നാൽ വിശപ്പിന്റെ ഛന്ദസ്സ് തെളിഞ്ഞുവരും. മനുഷ്യന് നിറക്കാൻ കഴിയുന്നതിൽ ഏറ്റവും മോശപ്പെട്ട സാധനം വയറാണെന്ന് മുത്തുനബി ഒരിക്കൽ പറഞ്ഞു. മനുഷ്യനോ, അത് നിറക്കാനാണ് മണ്ണിൽ ഇങ്ങനെ ജീവിക്കുന്നതുതന്നെ. അതിനാൽ വിശപ്പിന്റെ മാസം എല്ലാ ഭൗതികചിന്തകൾക്കെതിരെയുമുള്ള സമരപ്രഖ്യാപനത്തിന്റെ മാസമാണ്.

അരച്ചാൺ വയറിനുവേണ്ടിയാണ് മനുഷ്യന്റെ എല്ലാ പരിശ്രമങ്ങളും. 'മതമല്ല മതമല്ല മതമല്ല പ്രശ്നം, എരിയുന്ന പൊരിയുന്ന വയറാണ് പ്രശ്നം' എന്ന മുദ്രാവാക്യമുയർത്തിയാണ് കമ്യൂണിസം മതത്തെയൊന്നാകെ ആക്രമിച്ച് തൊഴിലാളിയുടെ സർവരാജ്യം സ്ഥാപിക്കാനാഗ്രഹിച്ചത്. പട്ടിണിയാണ് മനുഷ്യന്റെ ഏറ്റവും വലിയ വിപത്തെന്നത് മനുഷ്യനിർമിത, നിർമത പ്രസ്ഥാനങ്ങളുടെ വിടുവായത്തങ്ങളിൽ പ്രധാനമായിരുന്നു. പട്ടിണിയാണ് മുഖ്യപ്രശ്നമെന്നു പറഞ്ഞ സിദ്ധാന്തങ്ങളൊക്കെ ധനികൻ പട്ടിണിക്കാരനെ സഹായിക്കുന്നതിനല്ല പട്ടിണിക്കാരന്റെ സ്വയംഅതിജീവനത്തിനാണ് തയാറാക്കപ്പെട്ടത്. ഇസ്‌ലാമാകട്ടെ പട്ടിണിയല്ല മനുഷ്യന്റെ പ്രധാന പ്രശ്നമെന്ന് വിളംബരം ചെയ്തതിനോടൊപ്പം, ഓരോ ദരിദ്രന്റെയും കൂടെനില്ക്കുകയും അവന് പങ്കുവെക്കാതെ സമ്പത്ത് സാധുവാകുകയില്ലെന്ന് വിധിക്കുകയും ചെയ്തു. അതിനാൽ ഒരു പോളിറ്റ്ബ്യൂറോ മെമ്പർക്ക് അയാൾ കോടീശ്വരനായാൽ പോലും, നാളെ വരാൻപോകുന്ന സോഷ്യലിസ്റ്റ് സ്വർഗത്തെക്കുറിച്ച് പ്രസംഗിച്ച് സുഖമായി കിടന്നുറങ്ങാൻ പറ്റും. കള്ളന്മാരെയും അഴിമതി ആരോപകരെയും മാത്രമേ അയാൾക്ക് ഭയപ്പെടേണ്ടതായുള്ളൂ. മുസ്‌ലിമിനാകട്ടെ അയൽവാസിയുടെ ഓരോ പട്ടിണി നേരത്തിനും താൻ നാളെ പടച്ചറബ്ബിനു മുന്നിൽ സമാധാനം ബോധിപ്പിക്കണമല്ലോ എന്നോർത്ത് ഒരിക്കലും സ്വസ്ഥമായി ഉറങ്ങാനാവില്ല. അധികാരത്തിന്റെ ഭാരം ഏറ്റെടുത്തശേഷം ഖലീഫാ ഉമർ പൊട്ടിക്കരഞ്ഞതിന്റെ പൊരുളതാണ്. സ്വന്തം രാജ്യത്തിലെ ആട്ടിൻകുട്ടിയുടെ ദാഹത്തിനുപോലും താനുത്തരവാദിയാണെന്ന് ഭരണമുഖ്യൻ വ്യാകുലപ്പെടുന്ന സർക്കാർ, സ്വതന്ത്ര ഇന്ത്യയിലുണ്ടാകണമെന്ന് ഗാന്ധിജി ആഗ്രഹിക്കുക സ്വാഭാവികം തന്നെ.

> **റമദാനിൽ കോടീശ്വരനും പട്ടിണിയെന്താണെന്നറിയും. വിശപ്പിന്റെ വിളികേൾക്കും. കരുതിവച്ചതൊന്നും സമ്പത്തല്ലെന്നും കൊടുക്കുന്നതാണ് പെരുകുന്ന ധനമെന്നും അവനറിയും. അതിനാൽ റമദാൻ വ്രതമാകുന്നു ഏറ്റവും സാമൂഹികമായ വിമോചനസിദ്ധാന്തം.**

ശരീരത്തെ പീഡിപ്പിക്കുന്നത് ഇസ്‌ലാമിന്റെ ആരാധനയല്ലതന്നെ. പിന്നെങ്ങനെയാണ് ഇത്രയും വിശപ്പിനെ അല്ലാഹു മനുഷ്യന് നോമ്പിലൂടെ നിർദേശിച്ചത് എന്നാരായുകയാണ്. അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറുനിറയെ തിന്നുന്നവൻ നമ്മിൽ പെട്ടവനല്ല എന്ന് മുത്തുനബി പഠിപ്പിച്ചിട്ടുണ്ട്. ആരാണ് ഒരു മുസ്‌ലിമിന്റെ അയൽവാസി? ഒരാൾ അയൽവാ

സിയാവാൻ എത്ര ദൂരം അടുത്താകണം? ഇങ്ങനെ ആലോചിച്ചാൽ മുസ്‌ലിമിന് വയറുനിറയെ ഒരിക്കലും തിന്നാൻ പറ്റാതാകും. സ്വന്തം പട്ടിണിയെക്കാളേറെ അപരന്റെ വിശപ്പിനെപ്പറ്റിയുള്ള ഈ ആകുലതക്കുള്ള ഗൃഹപാഠമാണ് ഉപവാസം. സൗമ് എന്ന അറബിവാക്കിന്, കൊഴുപ്പധികമായതിനാൽ പ്രത്യേകമായി തീറ്റ നിയന്ത്രിച്ച മത്സരകുതിര എന്നാണ് പ്രധാനപ്പെട്ട ഒരർഥം. പരലോകവിജയത്തിനുള്ള ജീവിതമത്സരത്തിന് മനുഷ്യനെ തയാറാക്കാനാകാം വ്രതം എന്ന ഈ ഗൃഹപാഠം അല്ലാഹു നിർദേശിച്ചത്.

കരുതിവെക്കാനുള്ളതുമുഴുവൻ സമ്പത്താണ്. അതു കരുതിവെക്കാതെ നൽകാനുള്ള പ്രചോദനം റമദാൻ നൽകുന്നു. വിശപ്പിന്റെ സാർവലൗകികതയാണ് ആ പ്രചോദനത്തിന്റെ പ്രധാന ഘടകം. ഭക്ഷണം പക്ഷേ അത്രയും സാർവലൗകികമല്ല. മനുഷ്യരെല്ലാം തിന്നുന്ന വിധവും തരവും ഒരുപോലെയല്ല. എന്നാൽ സർവ ജന്തുജാലങ്ങളുടെയും വിശപ്പും ദാഹവും ഒരുപോലെയാണ്. അഭാവത്തിന്റെ ഏകീഭാവമാണത്. മരണത്തിലേക്കുള്ള വഴിയാണത്. തിന്നാതിരുന്നാൽ മാത്രമേ വിശപ്പെന്താണെന്നറിയൂ. എനിക്കെത്ര വിശപ്പുണ്ടെന്നറിയാമോ എന്ന് ഒരാൾ ചോദിക്കുന്നത് അതൊരിക്കലും മറ്റൊരാൾക്കളക്കാനാവില്ലെന്നറിഞ്ഞുകൊണ്ടാണ്. അല്ലാഹുവിനു മാത്രമേ ആ രഹസ്യം അറിയൂ. അതുകൊണ്ടാണ്, ‘മനുഷ്യന്റെ എല്ലാ കർമങ്ങളും അവനുള്ളതുതന്നെ. എന്നാൽ നോമ്പോ, അതെനിക്കുള്ളതാകുന്നു. അതിന് പ്രതിഫലം നൽകുന്നതും ഞാൻതന്നെ’എന്ന് അല്ലാഹു പറഞ്ഞത്. അങ്ങനെ, റമദാനിൽ കോടീശ്വരനും പട്ടിണിയെന്താണെന്നറിയും. വിശപ്പിന്റെ വിളികേൾക്കും. കരുതിവച്ചതൊന്നും സമ്പത്തല്ലെന്നും കൊടുക്കുന്നതാണ് പെരുകുന്ന ധനമെന്നും അവനറിയും. അതിനാൽ റമദാൻ വ്രതമാകുന്നു ഏറ്റവും സാമൂഹികമായ വിമോചനസിദ്ധാന്തം.

നോമ്പിനെ ശരീരത്തിന്റെ ആരോഗ്യവുമായല്ല മനസ്സിന്റെ ആരോഗ്യവുമായാണ് ഖുർആൻ ബന്ധിപ്പിക്കുന്നത്. ശരീരഭാരം കുറക്കാനും ഹൃദയസ്തംഭനത്തിൽനിന്ന് രക്ഷപ്പെടാനുമുള്ള ആധുനികവൈദ്യശാസ്ത്ര സൂത്രവുമായി നോമ്പിനെ കൂട്ടിക്കെട്ടുന്നത് ഇസ്‌ലാമിനെ ആധുനിക ശാസ്ത്രത്തിന്റെ ആലയിൽ കൊണ്ടുപോയി കെട്ടുന്നതിനു തുല്യമാണ്. ആധുനിക ശാസ്ത്രമാകട്ടെ ഏറെയും മനുഷ്യവിരുദ്ധമായതിനാൽ ഇസ്‌ലാമിനോട് ഇടറിനിൽക്കുകയേ ഉള്ളൂ. വൈദ്യശാസ്ത്രം സൃഷ്ടിക്കുന്ന, ശരീരത്തിന്റെ അതിജീവനത്തെക്കുറിച്ചുള്ള ആകുലതകളിൽനിന്നുള്ള മഹത്തായ രക്ഷപ്പെടലാണ് നോമ്പ്. പ്രകൃതിചികിത്സയും നിരാഹാരസമരവും റമദാൻ നോമ്പും തമ്മിൽ അതിനാൽ സൗഹൃദങ്ങളില്ല. നശ്വരദേഹം മരിച്ചാലും ആത്മീയലോകത്ത് സ്വർഗവാസിയാകാനുള്ള കഴിവാണ് വ്രതം നല്കുന്ന ആരോഗ്യം. ശാരീരികമെന്നതിനെക്കാളേറെ മാനസികമാണ് അതിന്റെ ചികിത്സ.

എല്ലാ മതത്തിലും ഉപവാസമുണ്ട്. നിങ്ങൾക്ക് മുമ്പുള്ളവർക്കും വ്രതം നിർബന്ധമാക്കിയിരുന്നെന്ന് ഖുർആൻ പറയുന്നത് അതിന് പ്രധാന തെളിവുമാണ്. എന്നാൽ പടച്ചതമ്പുരാൻ റമദാൻ വ്രതത്തിന് നിശ്ചയിച്ച പ്രധാന ലക്ഷ്യം തഖ്‌വയാണ്. മറ്റേതെങ്കിലും മതം ദൈവഭക്തിയെ അത്രയും കണിശമായ ലക്ഷ്യമായി വ്രതാനുഷ്ഠാനത്തിന് വെച്ചിട്ടുണ്ടോ എന്ന് സംശയമാണ്. ഹിന്ദുമതത്തിലെ ഓരോ വ്രതത്തിനും വളരെ വ്യക്തിപരമായ ലക്ഷ്യങ്ങളാണുള്ളത്. തിരുവാതിര നൊയമ്പ് ഭർത്താവിന്റെ ദീർഘായുസ്സിനാണെങ്കിൽ തിങ്കളാഴ്ച വ്രതം സ്വന്തം ദീർഘായുസ്സിനാണ്. ഏകാദശി മുക്തിക്കാണ്. ക്രിസ്തുമതത്തിലെയും ജൂതമതത്തിലെയും വ്രതങ്ങൾ മതപരമായ ദുരന്തദിവസങ്ങളുടെ ഓർമപുതുക്കലുകളാണ്. എന്നാൽ ഖുർആൻ റമദാൻ വ്രതത്തെ നിശ്ചയിച്ചത് ജീവിതശുദ്ധി പ്രധാനപ്പെട്ട ലക്ഷ്യമായാണെന്ന് ഓർക്കുക. ഇത്തരം പരിശീലനങ്ങളാണ് മുസ്‌ലിമിനെ നിർമിക്കുന്നതും നിർണയിക്കുന്നതും.

ഉപവാസം ഒരു സമരവുമാണ്. പ്രധാനമായും ആ ജിഹാദ് സ്വന്തത്തോടുതന്നെയാണ്. ഗാന്ധിജിയാണ് ഉപവാസസമരത്തെ ഏറ്റവും രാഷ്ട്രീയമായി ഉപയോഗിച്ച ഒരു നേതാവ്. സ്വന്തത്തോടുള്ള സമരത്തിൽ പരാജയപ്പെട്ടുപോയതായി അദ്ദേഹം സമ്മതിച്ചുവെങ്കിലും രാഷ്ട്രീയമായി ഉപവാസത്തെ അഹിംസയുടെ സ്വദേശത്തു നിർത്താനാണ് അദ്ദേഹം പരിശ്രമിച്ചത്. എങ്കിലും അഹിംസയെപ്പോലെ പരാജയപ്പെട്ട ഉദ്യമമായി അതും മാറി. 1906 -ൽ ദക്ഷിണാഫ്രിക്കയിലെ വർണവിവേചനത്തിനെതിരെയാണ് ഗാന്ധിജി ആദ്യം ഉപവാസ സത്യഗ്രഹം നടത്തുന്നത്. 1947 -ൽ തന്റെ ജീവിതത്തിലെ അവസാനത്തെ ഉപവാസസമരം നടത്തുമ്പോൾ ഉത്തരേന്ത്യയിലെ തെരുവുകൾ, വർഗീയാഗ്നിയിൽ കത്തിയെരിയുകയും ഹിന്ദുവിന്റെയും മുസ്‌ലിമിന്റെയും ചോരകൊണ്ട് സ്വതന്ത്രഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം വരയ്ക്കുകയും ചെയ്യുകയായിരുന്നു. അങ്ങനെ സ്വന്തത്തോടുള്ള സമരത്തിലും സമൂഹത്തോടുള്ള സമരത്തിലും പരാജയപ്പെട്ട മഹാത്മാവായി ഗാന്ധിജി മാറി. ഇങ്ങനെ ചില റമദാൻ വ്രതക്കാരും തോറ്റുപോകുന്നുണ്ട്. ചീത്ത വർത്തമാനവും പ്രവൃത്തിയും ഒഴിവാക്കാതെ പട്ടിണികിടന്നവന് ഈ സ്വന്തത്തോടുള്ള സമരത്തിൽ വിശപ്പും ക്ഷീണവും മാത്രം ബാക്കിയാകുന്ന പരാജയത്തെക്കുറിച്ച് മുഹമ്മദുർറസൂലുല്ലാഹി പഠിപ്പിച്ചിരിക്കുന്നു.

ഭാഷ മനുഷ്യന് അല്ലാഹു നൽകിയ അനുഗ്രഹമാണ്. ഭക്ഷണത്തെപ്പോലെ അതിന് അവൻ പരിധി നിശ്ചയിച്ചില്ല. എന്തും തിന്നാൻ കൊതിയുണ്ടെങ്കിലും കിട്ടിക്കൊള്ളണമെന്നില്ല. എന്നാൽ എന്തും പറയാൻ കരുതിയവന് നാവും വാക്കുമുള്ളിടത്തോളം തടസ്സങ്ങളില്ല. അതുകൊണ്ടാകണം ഭാഷയിലെ വിശപ്പ് പലർക്കും സഹിക്കാനാകാത്തത്; പട്ടിണികിടന്നിട്ടും ഭാഷയിലെ പട്ടിണിയിൽ മനുഷ്യൻ പരാജയപ്പെടുന്നത്. ഹിന്ദുമതവിശ്വാസപ്രകാരം മൗനവ്രതം സാധുവാണ്. ഗാന്ധിജിതന്നെ പല നിർണായക സന്ദർഭങ്ങളിലും മൗനവ്രതം കൈക്കൊണ്ടിട്ടുണ്ട്. ഇസ്‌ലാമാകട്ടെ മൗനവ്രതം അനുവദിക്കുന്നേയില്ല. നല്ലത് പറയേണ്ടിടത്ത് പറയാതിരിക്കുന്നത് ജിഹാദല്ല. നല്ലത് പറയാനില്ലെങ്കിൽ മിണ്ടാതിരിക്കാനാണ് മുത്തുനബി കൽപിച്ചത്. അത് നോമ്പായാലും അല്ലെങ്കിലും. നോമ്പുകാരൻ അല്ലാഹുവോടുമാത്രം സംസാരിക്കാനാണ് റമദാനിൽ ആഗ്രഹിക്കുന്നത്. അതിനായിമാത്രം ദിക്റുകൾ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ അല്ലാഹുവിന്റെ സംസാരം (കലാമുല്ലാഹി) പാരായണം ചെയ്തുകൊള്ളട്ടെ. ഭക്ഷണത്തിലെ വിശപ്പ് അനുഭവിക്കുന്നതിനെക്കാൾ ഏറെ പ്രയാസം ഭാഷയിലെ വിശപ്പ് അനുഭവിക്കുന്നതുതന്നെ.

ഗാന്ധിജി ഉപവാസങ്ങളിൽ പരാജയപ്പെട്ടത് ലൈംഗികതയിലാണെന്ന് സ്വയം സമ്മതിച്ചിട്ടുണ്ട്. സ്വന്തം സമ്മതങ്ങളില്ലെങ്കിലും സ്വാമി വിവേകാനന്ദനെക്കുറിച്ചും അത്തരമൊരു കഥ കേട്ടിട്ടുണ്ട്. ശരിയാകണമെന്നില്ല. പക്ഷേ, ഏതൊരു മനുഷ്യനും എളുപ്പം പരാജയപ്പെടുക

ലൈംഗികമായ കരാറുകളിലാണ്. റമദാൻ വ്രതത്തിലെ പകലുകളിൽ ലൈംഗികതയിലെ വിശപ്പ് അനുഭവിച്ചറിയേണ്ടതുണ്ട്. അതിലെ വീഴ്ചയാകട്ടെ നോമ്പുമായി ബന്ധപ്പെട്ട പരിഹാരക്രിയകളിൽ ഏറ്റവും കാഠിന്യമുള്ളതുമാണ്. അറുപതു ദിവസം തുടർച്ചയായ നോമ്പ് നോൽക്കേണ്ടത് ഒരു ദിവസം ക്ഷമയോടെ അത് ചെയ്യാൻ കരുത്തില്ലാത്തവനാണെന്നോർക്കണം. ലൈംഗികകാര്യങ്ങളിലെ നിയന്ത്രണമാണ് മനുഷ്യന്റെ ഏറ്റവും വലിയ സമ്പത്ത്. അതിലെ വിശപ്പനുഭവിക്കലാണ് ജീവിതത്തിലെ ഏറ്റവും വലിയ പരീക്ഷണം. വൈക്കം മുഹമ്മദ് ബഷീറിന്റെ 'വിശപ്പ്' എന്ന ചെറുകഥ ഓർക്കുക. ഹോട്ടൽ തൊഴിലാളിയായ ചെറുപ്പക്കാരന് ഒരു സ്ത്രീയോടു തോന്നുന്ന ലൈംഗികാസക്തിയാണ് ആ കഥ പറയുന്നത്. കഥാനായകനെ ഹോട്ടൽ തൊഴിലാളിയാക്കിയത് അവന് അന്നത്തിന് ഒരു മുട്ടുമില്ല എന്ന് ഉറപ്പിക്കാനാണ് (ബഷീറിന്റെ അധിക നായകന്മാരും പട്ടിണിക്കാരാണ്). ഏറ്റവും വലിയ വിശപ്പ് ലൈംഗികതയുടേതാണെന്ന് ബഷീർ സൂചിപ്പിക്കുന്നു. 'ശബ്ദങ്ങൾ' എന്ന നോവലിലും ഇത്തരമൊരാഖ്യാനം കാണാം. ക്ഷമ ഏറ്റവും സാധ്യമാവേണ്ട സംഗതികളിലാണ് റമദാൻ പൂവിടുന്നത്.

റമദാൻ ഹിജ്റയാണ്. ഭക്ഷണത്തിന്റെ, ലൈംഗികതയുടെ, വ്യഥാസംസാരത്തിന്റെ പ്രലോഭനങ്ങളിൽനിന്ന് വിശപ്പിലേക്കുള്ള പലായനമാണത്. ജാഹിലിയ്യത്തുകളിൽനിന്ന് അറിവിലേക്കുള്ള ഹിജ്റ. ഈ ഹിജ്റയാണ് അൽ അമീൻ എന്നു വിളിപ്പേരുള്ള ഒരാൾ നൂറ്റാണ്ടുകൾക്കുമുമ്പ് മക്കയിലെ ഹിറാഗുഹയിലേക്ക് ആദ്യം നടത്തിയത്. ആദ്യത്തെ നമസ്കാരവും ആദ്യത്തെ ഹജ്ജും ആദ്യത്തെ വ്രതവും അതുതന്നെ. ആ ധ്യാനത്തിലേക്കാണ് വിശുദ്ധഖുർആൻ അവതരിച്ചത്. വിശുദ്ധഖുർആൻ അവതരിച്ച മാസമായ റമദാനിൽ ഓരോ മുസ്‌ലിമും ജീവിതത്തിലെ ജാഹിലിയ്യത്തുകളിൽനിന്ന് ധ്യാനത്തിന്റെ ഹിറാഗുഹയിലേക്ക് പലായനം ചെയ്യുന്നു. ആ പലായനം ഫലപ്രദമാവുമ്പോഴാണ് അവന് ആയിരം രാത്രികളെക്കാൾ ഉത്തമമായ രാത്രിയുടെ വെളിച്ചം ലഭിക്കുന്നത്. അങ്ങനെ റമദാനിലെ വിശപ്പ് വെറുമൊരു പട്ടിണികിടത്തമല്ലാതായി മാറുന്നു. വെളിച്ചത്തിലേക്ക് നയിക്കുന്ന വിശപ്പിന്റെ പെരുന്നാളാണ് റമദാൻ.

റൂമി പാടുന്നു-

'ഒഴിഞ്ഞ ഉദരത്തിൽ കാണാനാവാത്ത മധുരമുണ്ട്.
നാം പാട്ടുപെട്ടികളത്രെ,
കാറ്റുനിറഞ്ഞടഞ്ഞ പെട്ടിയിൽനിന്ന്
പാട്ടുവരുന്നതെങ്ങനെ.
തലച്ചോറും ആമാശയവും വിശപ്പിനാലെരിയുമ്പോൾ
ആ തീജ്വാലയിൽനിന്നുയരുന്നു
പുതിയ ഗീതികൾ.
അപ്പോൾ മൂടൽമഞ്ഞകലുന്നു
മുന്നിൽ തെളിയുന്ന പടികൾ കയറിക്കയറിപ്പോകാൻ
പുതിയൊരാവേശം നിന്നിലുണരുന്നു.
അതിനാൽ ഒഴിഞ്ഞവനാകുക
എന്നിട്ടൊരു പാട്ടുപെട്ടിപോലെ കരയുക
ഒഴിഞ്ഞവനാകുക
എന്നിട്ട് വിതുമ്പുന്ന പേനകൊണ്ട് രഹസ്യങ്ങളെഴുതുക.
അന്നപാനങ്ങൾകൊണ്ട് നിറയുമ്പോൾ
ആത്മാവിന്റെ സോപാനങ്ങളിൽ
ഭീകരസത്വങ്ങൾ ഇരിപ്പുറപ്പിക്കുന്നു.
നോമ്പെടുക്കുമ്പോൾ
വേണ്ടപ്പെട്ട ചങ്ങാതിമാരെപ്പോലെ
സുസ്വഭാവങ്ങൾ നിന്നരികിലെത്തുന്നു.'■

jameelahmednk@gmail.com